## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1266 02/05/2017-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

| ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത ഭവനരഹിതർക്കു വാസയോഗ്യമായ പാർപ്പിട സംവിധാനം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തിയായിട്ടുണ്ട്. വെരിഫിക്കേഷൻ നടപടികൾ സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. |
| (ബി) | മുവാറ്റുപുഴ നിയമസഭാമണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ അപേക്ഷ റിപ്പോർട്ടിനായി 31/08/2016-ലെ 166/ഡി.ബി1/16/തസ്വഭവ, നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ